(ഇ) 2003-04 റെയിൽവേ വർക്ക് പ്രോഗ്രാമിൽ ആനയറ, കഴക്കൂട്ടം (തിരുവനന്തപുരം), പരവൂർ, മൂലേടം (കോട്ടയം), കുമാരനെല്ലൂർ, മട്ടാഞ്ചേരി, ചാലക്കുടി, പുതുക്കാട്, വാഴാനി (വടക്കാഞ്ചേരി), മള്ളൂർക്കര (വടക്കാഞ്ചേരി) എന്നീ 10 മേൽപ്പാലങ്ങളുടെ പണി കൂടി ഉൾക്കൊള്ളിക്കാനുള്ള അനുമതി തേടിയിട്ടുണ്ട്.

നാഷണൽ ഹൈവേയുടെ ദൈർഘ്യം

46 (3605) ശ്രീ. കെ. ബാബു :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുകൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയുടെ ദൈർഘ്യമെത്രയാണ് ;

(ബി) ഇതിൽ എത്ര കിലോമീറ്റർ നാഷണൽ ഹൈവേയുടെ സ്റ്റാൻഡേർഡു പ്രകാരം വികസിപ്പിച്ചു കഴിഞ്ഞു ;

(സി) ബാക്കി ഭാഗം എത്ര കാലത്തിനുള്ളിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1524 കി. മീ.

(ബി) 417 കി. മീ.

(സി) കേന്ദ്രസഹായം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ മുഴുവൻ നാഷണൽ ഹൈവേയും എൻ.എച്ച്. സ്റ്റാൻഡേർഡ് പ്രകാരം വികസിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണത്തിന് കമ്പനി രൂപീകരണം

47 (3606) ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ബലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേയുടെ പണിക്കു വേണ്ടി വരുന്ന തുക സ്വരൂപിക്കുന്നതിനായി ഒരു കമ്പനി രൂപീകരിക്കുവാനുദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയിൽ സംസ്ഥാനം എത്ര ശതമാനം ഷെയറെടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly